I/51634/2024

"ഭരണഭാഷ- മാതൃഭാഷ"

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്കുഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ: ശ്രീകമാർ ബി.)**

വിഷയം :- ഡിഇഎസ്- സംസ്ഥാന വരുമാന വിഭാഗം പുനർനാമകരണം ചെയ്ത്-ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. 15.03.2024 ലെ ഡയറക്ടറുടെ CA-9/Dir/2024- നമ്പർ കുറിപ്പ്.
2. 19.08.2023 തീയതിയിലെ ഡിഇഎസ്/3699/2023-ഇബി1 നമ്പർ നടപടി ഉത്തരവ്.

**ഉത്തരവ് നമ്പർ: DES/1365/2024-GEN; തീയതി: 15-03-2024**

ഡയറക്ടറേറ്റിലെ സംസ്ഥാന വരുമാന വിഭാഗം ശക്തിപ്പെടുത്തണമെന്ന് കേരള സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷനും റീവാമ്പിംഗ് ആക്ഷൻ ടീമും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റിൽ ഡയറക്ടറുടെ അധികാര പരിധിയിൽ നിന്നു കൊണ്ട് വരുത്താവുന്നതായ മാറ്റങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് ഇൻകം വിഭാഗത്തിന്റെ മേൽനോട്ടം അസിസ്റ്റന്റ് ഡയറക്ടറിൽ ആയിരുന്നു നിക്ഷിപ്തമായിരുന്നത്. സംസ്ഥാന വരുമാന വിഭാഗത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിലേക്കായി ഡെപ്യൂട്ടി ഡയറക്ടർ (കാർഷിക സെൻസസ്)-ക്ക് പരാമർശം (2) പ്രകാരം പ്രസ്തുത വിഭാഗത്തിന്റെ അധിക ചുമതല നൽകുകയുണ്ടായി.

ദേശീയ തലത്തിൽ Ministry of Statistics and Programme Implementation –ന്റെ കീഴിൽ ദേശീയ വരുമാനം കണക്കാക്കുന്നതിന് National Accounts Division (NAD) എന്ന വിഭാഗമാണ് പ്രവർത്തിച്ചു വരുന്നത്. സംസ്ഥാന വരുമാന വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയ തലത്തിലേതിനു സമാനമായ രീതിയിൽ ഡയറക്ടറേറ്റിലെ സംസ്ഥാനവരുമാന വിഭാഗമായ State Income Division-നെ State Accounts Division (SAD) എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Sreekumar B
Date: 15-03-2024 18:00:48
DIRECTOR

പകർപ്പ് : - 1. ഡയറക്ടറുടെ സിഎ
2. അഡീഷണൽ ഡയറക്ടർമാരുടെ സിഎ
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സിഎ
4. ഡെപ്യൂട്ടി ഡയറക്ടർ
(കമ്പ്യൂട്ടർ വിഭാഗം) (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. എല്ലാ സെക്ഷൻ മേധാവികൾക്കും
6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.